ശ്മശാനസ്ഥലം അനുവദിച്ചു നൽകേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം മുൻനിർത്തി പൊതുജനങ്ങളും ചേർന്ന് അയച്ചിട്ടുള്ള അപേക്ഷകളും പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ശ്മശാന നടപടികളും എങ്ങനെ ഇരിക്കുന്നു?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല. എന്നാൽ കാഞ്ഞിരപ്പള്ളി വടക്കുപകുതിയിൽപെട്ട കാഞ്ഞിരപ്പള്ളി കരയിൽനിന്നും ഒരു മെമ്മോറാണ്ടം സർക്കാരിന് കിട്ടിയിട്ടുണ്ട്.

(ബി-യും, സി-യും) മുൻപറഞ്ഞ കാഞ്ഞിരപ്പള്ളി കരയിലെ അവശസമുദായക്കാരുടെ നിവേദനം അടിസ്ഥാനമാക്കി പുതിയ സെൻറ് സ്ഥലം ശ്മശാനത്തിനായി സർക്കാരിന് അനുവദിച്ചിട്ടുണ്ട്. അതു ഫെബ്രുവരി മാസം-ാം തീയതിയാണ്.

പഞ്ചായത്ത് വിഭജനം

*നമ്പർ. (33) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി നല്കുമോ.—

(എ) സംസ്ഥാനത്തിലെ പഞ്ചായത്ത് വിഭജനം പൂർത്തിയായിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പുകളും എന്നത്തേക്ക് നടത്തണമെന്നാണ് സർക്കാരുദ്ദേശിക്കുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) ഇല്ല.

(ബി) പഞ്ചായത്ത് രൂപീകരണത്തിനുശേഷം തിരഞ്ഞെടുപ്പുകൾ നടത്തുന്നതാണ്.

METALLURGICAL SURVEY

*** 315. [12] Sri. K. Ramachandran:** May I know from the Hon'ble Minister for Industries, Excise and Local Self Government.—

(*a*) the progress made in metallurgical survey in the State;

(*b*) the number of persons in the State who have technical training in Metallurgy; and

(*c*) whether all of them are given adequate facilities to pursue their activities in the field?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No metallurgical survey has been done in this State.

(*b*) The Government have no information.

(*c*) Does not arise in view of the answer to part (b.)

മദ്യനിരോധനം

*നമ്പർ. (34) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

ഫെബ്രുവരി—മാർച്ച് മാസങ്ങളിൽ മദ്യനിരോധനം എത്രയെല്ലാം താലൂക്കുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly